പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *419 — 28/06/2012 ൽ മറുപടിയ്ക്ക്

# ഭൂമി കേരളം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ഡോ.എൻ. ജയരാജ്:<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ:<br>ശ്രീ.പി.സി. ജോർജ്: | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'ഭൂമികേരളം' പദ്ധതിയിലൂടെ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഭൂമികേരളം പദ്ധതിയുടെ ചുമതലയിൽ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്ത് റീസർവ്വേ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി 9 വില്ലേജുകളുടെ ജോലികളും, സർവ്വെ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്ന റീസർവ്വേ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജി.പി.എസ്. കൺട്രോൾ പോയിന്റുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്ന ജോലികളും, ആദിവാസി ഗോത്രവിഭാഗങ്ങൾക്കായി 7 ജില്ലകളിലെ 553 കോളനി നിവാസികൾക്ക് കൈവശ ഭൂമി നൽകുന്നതിനുള്ള വനാവകാശ സർവെ, ചെങ്ങറ ഭൂമി പതിവുമായി ബന്ധപ്പെട്ട സർവ്വെ നടപടികളും, സർവ്വെ റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ ജോലികളും, സർവ്വെ റിക്കാർഡുകൾ സ്കാൻ ചെയ്തു സംരക്ഷിക്കുന്ന ജോലികളുമാണ് പ്രധാനമായും നിർവ്വഹിച്ചു വരുന്നത്. |
| (ബി) ഭൂമികേരളം പദ്ധതിയുടെ കീഴിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള വില്ലേജുകളിൽ കൈവശഭൂമിയുടെ അളവുകളെ സംബന്ധിച്ചും ഉടമസ്ഥാവകാശം സംബന്ധിച്ചും നിലനിന്നിരുന്ന പരാതികളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഭൂമികേരളം പദ്ധതിയുടെ ചുമതലയിൽ റീസർവ്വെ ജോലികൾ നടന്നു വരുന്ന വില്ലേജുകളിൽ കൈവശ ഭൂമിയുടെ അളവുകൾ, ഉടമസ്ഥാവകാശം, വിസ്തീർണ്ണം എന്നിവയെ സംബന്ധിച്ച് ലഭിച്ച 9105 പരാതികളിൽ 8648 എണ്ണം തീർപ്പാക്കി. അവശേഷിക്കുന്ന 457 പരാതികൾ ഉടൻ തന്നെ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(സി) നിലവിൽ പ്രസ്തുത പദ്ധതിയുടെ കീഴിൽ റീസർവ്വെ നടപടികൾ അവശേഷിക്കുന്ന ജില്ലകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഭൂമികേരളം പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലാണ് നിലവിൽ റീസർവ്വേ ജോലികൾ അവശേഷിക്കുന്നത്.

(ഡി) റീസർവ്വെ ജോലികൾ കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഡി) ഭൂമികേരളം പദ്ധതിയുടെ കീഴിൽ റീസർവ്വേ ജോലികൾ നിർവ്വഹിച്ചു വരുന്ന വില്ലേജുകളിലെ റിക്കാർഡുകൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് തയ്യാറാക്കി വരുന്നത്. വളരെയേറെ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്ന പ്രസ്തുത റിക്കാർഡുകൾ പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി, അവരുടെ വസ്തുവിന്റെ അളവുകൾ, ഉടമസ്ഥാവകാശം, വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങൾ, വെരിഫിക്കേഷൻ ഷീറ്റുകൾ എന്നിവ സർവ്വെ നടക്കുന്ന അവസരത്തിൽ തന്നെ നൽകുകയും ആയതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചാൽ തത്സമയം തന്നെ പരിഹരിച്ചുകൊണ്ടാണ് റീസർവ്വെ പൂർത്തിയാക്കുന്നത്.

സെക്ഷൻ ഓഫീസർ